# GOVT. H.S. MANNANTHALA

# പ്രാദേശിക ചരിത്രം

**2021–22**

## ‘മണ്ണന്തല’

# ആമുഖം

സ്വാതന്ത്യലബ്ദിയുടെ 75-ാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി സ്വാതന്ത്ര്യത്തിന്റെ അമൃത മഹോത്സവം എന്ന പരിപാടിയോടനുബന്ധിച്ച് സ്കൂൾതലത്തിൽ പ്രാദേശിക ചരിത്ര രചന നടത്തുന്നതിനുവേ ി സാംസ്കാരിക വകുപ്പ് നിർദ്ദേശിച്ചിട്ടു ്. അതിന്റെ ഭാഗമായി സ്കൂൾതല കമ്മിറ്റി രൂപീകരിക്കുകയും സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രാദേശിക ചരിത്രം രചിക്കുന്നതിനുവേ ി നടപടികൾ ആസൂത്രണം ചെയ്യുകയും ഉ ായി. ഈ നാടിന്റെ സാംസ്കാരിക നവോത്ഥാനത്തിന് പ്രവർത്തിച്ച എല്ലാവരേയും ഈ അവസരത്തിൽ സ്മരിക്കുന്നു. എല്ലാവരുടേയും അഭിപ്രായത്തിനുവേ ി ഈ രചന സമർപ്പിക്കുന്നു.

# ഉള്ളടക്കം


1. വിഷയം

2. ഉദ്ദേശ്യം

3. വിവരശേഖരണം

4. അപഗ്രഥനം/വിശകലനം

5. ഉപസംഹാരം

7. സഹായ ഗ്രന്ഥങ്ങൾ

# <u>വിഷയം</u>

## മണ്ണന്തല പ്രാദേശിക ചരിത്ര രചന

# ഉദ്ദേശ്യം

കുട്ടികൾക്ക് ചരിത്രബോധം ഉ ാക്കുവാനും അവർ താമസിക്കുന്ന സ്ഥലത്തിന്റെ സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക, മതപരമായ കാര്യങ്ങളെ കുറിച്ച് മനസ്സിലാക്കുന്നതിനുവേ ി.

# വിവരശേഖരണം

തിരുവനന്തപുരം കോർപ്പറേഷനിലെ മണ്ണന്തല പാതിരാപള്ളി, ഇടവക്കോട് വാർഡുകൾ ചേർന്നതാണ് ഈ പ്രദേശം നാലാഞ്ചിറ, കേരളാദിത്യപുരം, മുക്കോല, കുടപ്പനക്കുന്ന് എന്നീ പ്രദേശങ്ങളുടെ ഇടയിലാണ് ഈ സ്ഥലം സ്ഥിതിചെയ്യുന്നത്. പ ് ഈ സ്ഥലം ഗ്രാമമായിരുന്നു. ഗ്രാമത്തിന്റെ എളിമയും തനിമയും ഇപ്പോഴും മണ്ണന്തലയെ മനോഹരമാക്കുന്നു. വയലേലകൾ ധാരാളം ഉ ായിരുന്ന ഈ പ്രദേശം വികസനത്തിനായും വീടികൾ നിർമ്മിക്കാനും നികത്തിയിരുന്നു. എന്നിരുന്നാലും ഇപ്പോഴും മരങ്ങളും കുളങ്ങളും ചോലകളും കൊ ് ഈ പ്രദേശം ഹരിതാഭമാകുന്നു.

**<u>സ്ഥലനാമ ചരിത്രം</u>**

പ ് ഈ പ്രദേശം നല്ല ഉയർന്നപ്രദേശമായിരുന്നു. ഇന്നത്തെ മണ്ണന്തല ചന്ത സ്ഥിതി ചെയ്യുന്ന പ്രദേശം വളരെ ഉയർന്നതായിരുന്നു. അതിന്റെ മുകളിൽ നിന്ന് നോക്കിയാൽ അറബിക്കടൽ വരെ കാണാമായിരുന്നു എന്ന് പഴമക്കാർ പറയുന്നു. മണ്ണിന്റെ തലയായിട്ടിരിക്കുന്ന പ്രദേശം ആണ് മണ്ണിൻതല (ഉയർന്ന പ്രദേശം). മണ്ണിൻതല മണ്ണന്തല എന്നായി. ഇന്ന് ആ ഉയർന്ന പ്രദേശം കുറെ ഇടിച്ചു നിരത്തി.

**<u>ചരിത്ര പ്രാധാന്യം</u>**

വിശ്വഗുരു ശ്രീനാരായണ ഗുരുദേവന്റെ പാദസ്പർശത്താൽ പരിപാവനമായതും തൃക്കൈകളാൽ ര ാമത് പ്രതിഷ്ഠ നടത്തിയതുമായ പ്രസിദ്ധമായ ക്ഷേത്രമാണ് മണ്ണന്തല ആനന്ദവല്ലീശ്വരി ക്ഷേത്രം. മൃഗബലിക്ക് പേരു കേട്ടിരുന്നു ഈ ക്ഷേത്രം. അദ്ദേഹം ഭദ്രകാളി പ്രതിഷ്ഠ മാറ്റി പഞ്ചലോഹ നിർമ്മിതമായ വിദ്യാദേവി വിഗ്രഹം പ്രതിഷ്ഠിച്ചു. അദ്ദേഹം സ്ഥാപിക്കുന്ന അമ്പലങ്ങളുടെ അട്ടത്ത് മഠങ്ങൾ/ വിദ്യാലയം പണിയും. ഗുരു പറയുന്നത് വിദ്യകൊ ് പ്രബുദ്ധരാകുക അങ്ങനെ അമ്പലത്തോട് ചേർത്ത് സ്ഥാപിച്ചതാണ് മണ്ണന്തല വിദ്യാലയം.

**<u>മണ്ണന്തല കരുണാകരൻ</u>**

സ്വാതന്ത്ര്യസമര സേനാനിയും മുതിർന്ന കമ്മ്യൂണിസ്റ്റ് നേതാവുമാണ് ഇദ്ദേഹം. ധീരനായ പോരാളി തിരുവിതാംകൂറിലെ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ സമ്മേളനത്തിൽ മൂവർണ്ണക്കൊടി ഉയർത്തിയും ക്വിറ്റിന്ത്യാ പ്രക്ഷോഭത്തിന്റെ ഭാഗമായി 1942 ആഗസ്റ്റ് 14 ന് സെക്രട്ടറി

യേറ്റിനു മുകളിലെ ക്ലോക്ക് ടവറിൽ കൊടി ഉയർത്തിയതും അദ്ദേഹമായിരുന്നു. ഈ നിലയ്ക്ക് കേരളത്തിലെ സ്വാതന്ത്ര്യ സമരത്തിന്റെ പതാക വാഹകൻ എന്ന് നമുക്ക് മണ്ണന്തല കരുണാകരനെ വിശേഷിപ്പിക്കാം.

ധാരാളം മഹാപ്രതിഭകൾക്ക് ജന്മം നല്കിയ നാടാണിത്. കേരളസംസ്ഥാനത്തിലെ ചീഫ് സെക്രട്ടറിയും മലയാള സർവ്വകലാശാലയുടെ വൈസ് ചാൻസിലറായും സേവനം അനുഷ്ഠിച്ച കെ ജയകുമാർ ഐ.എ.എസ് ഈ നാട്ടുകാരനാണ്.

മണ്ണന്തലയിൽ വയമ്പാച്ചിറ എന്ന പ്രശസ്തമായ കുളമു ്. ഇത് വൃത്തിയാക്കി പരി പാലിച്ചാൽ അന്താരാഷ്ട്രനിലവാരമുള്ള നീന്തൽ താരങ്ങളെ ഇവിടെ പരിശീലിപ്പിക്കാൻ പറ്റും. വളരെ പഴക്കവും പാരമ്പര്യവും ഉള്ളതാണ്. മണ്ണന്തല ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല പോലീസ് സ്റ്റേഷൻ, ചന്ത, ബാങ്കുകൾ തുടങ്ങിയ എല്ലാ സൗകര്യങ്ങളും ഇന്ന് മണ്ണന്തല യിൽ ഉ ്.

**ജനജീവിതം**

വ്യത്യസ്ത ജാതിമത വിഭാഗങ്ങൾ അധിവസിക്കുന്ന ഒരു പ്രദേശമാണിത്. പൂർണ്ണമായും കൃഷിയെ ആശ്രയിച്ച് ജീവിച്ചിരുന്ന ജനതയായിരുന്നു പ ് ഉ ായിരുന്നത്. നഗരവല്ക്കര ണത്തിന്റെ ഫലമായി കാർഷിക മേഖലയ്ക്ക് തകർച്ച സംഭവിച്ചു. ഒരു ക്രിസ്ത്യൻ പള്ളിയും ഇവിടെ സ്ഥിതിചെയ്യുന്നു. ക്ലബ്ബുകൾ, വിവിധ സാംസ്കാരിക പ്രസ്ഥാനങ്ങൾ ഇവിടെ പ്രവർത്തിച്ചു വരുന്നു.

# അപഗ്രഥനം/ വിശകലനം

കേരളത്തിൽ മറ്റ് പ്രദേശങ്ങളിൽ മാറ്റങ്ങൾ നടന്നതുപോലെയാണ് മാറ്റങ്ങൾ ഈ പ്രദേശത്തും നടന്നത്. ഇന്ന് ബഹുനില മന്ദിരങ്ങൾ, ഫ്ളാറ്റുകൾ, വ്യാപാരസ്ഥാപനങ്ങൾ എന്നിവ ഉയരുകയും കൃഷിഭൂമി ചുരുങ്ങുകയും ചെയ്തു. ഏത് സംസ്കാരത്തെയും ഉൾക്കൊള്ളാൻ പറ്റുന്ന ജനവിഭാഗമാണ് ഈ പ്രദേശത്തുള്ളത്. ഇനിയും മണ്ണന്തലയിൽ ഒരുപാട് മാറ്റങ്ങൾ നമുക്ക് പ്രതീക്ഷിക്കാം.

# ഉപസംഹാരം

ഈ പ്രാദേശിക ചരിത്രരചന തയ്യാറാക്കാൻ സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു.

# സഹായഗ്രന്ഥങ്ങൾ

- പല വ്യക്തികളുമായുള്ള അഭിമുഖം
- സ്കൂൾ വിക്കി
- ഇന്റർനെറ്റിൽ നിന്നുള്ള വിവരശേഖരണം